


## ഈ പരിശീലന പാഠത്തിൽ ലളിതമായൊരു ഹാൻഡ് ബാഗ് നിർമ്മിക്കുന്നതെങ്ങനെയെന്നു ഞങ്ങൾ നിങ്ങളെ പഠിപ്പിക്കും.







നിങ്ങൾ നിങ്ങളുടെ മൂഡിന് മാച്ചാകുന്ന വിധത്തിലുള്ള വ്യത്യസ്ത തരത്തിലുള്ള ബാഗുകൾ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവരാണെങ്കിൽ നിങ്ങൾക്കായി ഇതാ... ഇന്നു ഞങ്ങൾ നിങ്ങളെ ലളിതമായ ഒരു ഹാൻഡ് ബാഗ് ഉണ്ടാക്കാൻ പഠിപ്പിക്കാം... കൂടാതെ ഇഷ്ടമുള്ള പ്രിന്റുകൾ ഉള്ള ബാഗ് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവരാണെങ്കിലും ഈ അദ്ധ്യായം നിങ്ങളെ ഒരുപാട് സഹായിക്കും... ഈ അദ്ധ്യായം അവസാനിക്കുമ്പോൾ നിങ്ങൾ പരിശ്രമശാലികളാണെങ്കിൽ നിങ്ങൾ നിങ്ങൾക്കു വേണ്ടി മാത്രമായിരിക്കില്ല ബാഗുകൾ നിർമ്മിക്കുക, നിങ്ങളുടെ ഡിസൈനുകൾ ഇഷ്ടപ്പെടുന്നവർക്ക് അത് വില്ക്കാനും കഴിയും.

നമ്മുടെ അദ്ധ്യായത്തിനായി നമ്മൾ തിരഞ്ഞെടുത്തിരിക്കുന്നത് ഈ പെയ്സിലി പ്രിന്റഡ് തുണിയാണ്. ഒരു നല്ല ഹാൻഡ് ബാഗ് നിർമ്മിക്കുന്നതിനായി നിങ്ങൾക്കാവശ്യമായത് ഇവയെല്ലാമാണ്... പതിനെട്ട് ബൈ മുപ്പത് ഇഞ്ച് അളവുള്ള പ്രിന്റ് ചെയ്ത തുണി, ഇരുപത്തി ആറ് ഇഞ്ച് നീളമുള്ള രണ്ട് ബാഗ് സ്ട്രാപ്പുകൾ, യോജിക്കുന്ന നൂലുകൾ, സ്കെയിൽ, മാർക്കർ, പിന്നുകൾ, കത്രിക.

തുണിയുടെ ശരിയായ വശങ്ങൾ മുഖാമുഖം വരത്തക്ക വിധത്തിൽ പകുതിയായി മടക്കിക്കൊണ്ട് ആരംഭിക്കുക... വശങ്ങളിൽ അൽപ്പം ഇട നൽകിക്കൊണ്ട് വശങ്ങൾ ഒരുമിച്ച് വയ്ക്കുക. തുറന്ന രണ്ട് വശങ്ങളും ഇവിടെ കാണിച്ചിരിക്കുന്നപോലെ പിൻ ചെയ്യുക... ഒരു വശത്ത് മൂന്നു പിന്നുകൾ മതിയാകും.

മുകൾ വശം തുറന്ന് വയ്ക്കണം എന്നത് ഓർമ്മിക്കുക. തുണി മെഷീനിൽ വയ്ക്കുക.






സ്റ്റിച്ച് പാറ്റേൺ സ്വിച്ച് ഏയിൽ സെറ്റ് ചെയ്യുക... സ്റ്റിച്ച് ലെങ്ങ് സെലക്ടർ സ്വിച്ച് രണ്ടിനും മൂന്നിനും ഇടയിൽ സെറ്റ് ചെയ്യുക.

തയ്യൽ ആരംഭിക്കുക... റിവേഴ്സ് സ്റ്റിച്ച് ലിവർ ഉപയോഗിച്ച് നിങ്ങൾ സ്റ്റിച്ച് സുരക്ഷിതമാക്കുക. തയ്യൽ ആരംഭിക്കുക... റിവേഴ്സ് സ്റ്റിച്ച് ലിവർ ഉപയോഗിച്ച് നിങ്ങൾ സ്റ്റിച്ച് സുരക്ഷിതമാക്കുക. നൂല് മുറിക്കുക.ഇതേ രീതിയിൽ തന്നെ മറ്റേ വശവും തയ്ക്കുക. രണ്ട് വശവും തുന്നിക്കഴിഞ്ഞാൽ പിന്നുകൾ നീക്കം ചെയ്യാൻ മറക്കരുത്.



ഏതെങ്കിലും ഒരു മൂല ഇവിടെ കാണുന്നതുപോലെ ത്രികോണത്തിൽ ആക്കുക... എന്നിട്ട് പിൻ ചെയ്യുക. മറ്റേ വശത്തും ഇത് തന്നെ ചെയ്യുക. ത്രികോണത്തിന്റെ കൂർത്ത വശത്തു നിന്നും രണ്ടര ഇഞ്ച് അളന്ന് രേഖപ്പെടുത്തുക... രേഖപ്പെടുത്തിയ ബിന്ദുവിൽ തിരശ്ചീനമായി ഒരു രേഖ വരയ്ക്കുക, ഞാൻ ചെയ്തതുപോലെ. ഇത് മറ്റേ വശത്തും ആവർത്തിക്കുക. അടയാളപ്പെടുത്തിയ രേഖയിൽ കൂടി രണ്ട് അറ്റത്തും തയ്ക്കുക... റിവേഴ്സ് സ്റ്റിച്ച് ലിവർ ഉപയോഗിച്ച് അറ്റങ്ങൾ ലോക്ക് ചെയ്യാൻ മറക്കരുത്. നൂല് മുറിക്കുക.




തുന്നലിന് സമാന്തരമായി കുറച്ച് സ്ഥലം വിട്ടുകൊണ്ട് രണ്ട് മൂലകളും മുറിച്ച് മാറ്റുക... ഇത് ബാഗിന് ഒരു നല്ല രൂപം നൽകുകയും വലിപ്പം കുറയ്ക്കുകയും ചെയ്യും. അടുത്തതായി തുറന്ന വശത്തിന്റെ അരിക് ഏകദേശം ഒരു ഇഞ്ച് മടക്കുക... എന്നിട്ട് പിൻ ചെയ്യുക. ബാഗ് സ്ട്രാപ്പുകൾ ഘടിപ്പിക്കുന്നതിനായി രണ്ടറ്റത്തു നിന്നും അഞ്ച് ഇഞ്ച് അളന്ന് രേഖപ്പെടുത്തുക... മറ്റേ അറ്റത്തും ഇത് തന്നെ ചെയ്യുക... ഞാൻ ചെയ്യുന്നതുപോലെ തന്നെ ചെയ്യുക... നിങ്ങൾ അത് ചെയ്യുന്നതു വരെ നിങ്ങൾക്ക് ഈ വീഡിയോ പോസ് ചെയ്യാവുന്നതാണ്... അതിനുശേഷം വീണ്ടും തുടർന്ന് കാണുക.



ഇവിടെ കാണുന്നതുപോലെ മാർക്കിങ്ങ്, ബാഗ് സ്ട്രാപ്പിന്റെ നടുവിൽ വരും വിധം ചേർത്ത് വയ്ക്കുക... എന്നിട്ട് പിൻ ചെയ്യുക... സ്ട്രാപ്പ് നേരെ ആണെന്ന് ഉറപ്പ് വരുത്തുക, എന്നിട്ട് സ്ട്രാപ്പിന്റെ മറ്റേ അറ്റം അതേ വശത്തുള്ള മറ്റേ മാർക്കിങ്ങുമായി ചേർത്ത് വയ്ക്കുക... പിൻ ചെയ്യുക. ഇതുപോലെ തന്നെ ബാഗിന്റെ മറ്റേ വശത്തും രണ്ടാമത്തെ സ്ട്രാപ്പ് മാർക്കിങ്ങുമായി ചേർത്ത് വയ്ക്കുക.




ബാഗ് നിങ്ങളുടെ മിഷീനിൽ ഘടിപ്പിക്കുക...





സിഗ് സാഗ് സ്റ്റിച്ചിങ്ങിനായി സ്റ്റിച്ച് പാറ്റേൺ സെലക്ടർ സീയിലേയ്ക്ക് തിരിക്കുക... സ്റ്റിച്ച് ലെങ്ങ്ത് ഒന്ന് ദശാംശം അഞ്ചിൽ സെറ്റ് ചെയ്യുക.



ഇവിടെ കാണുന്നപോലെ ബാഗിന്റെ രണ്ട് വശങ്ങളും ഒന്നിനു ശേഷം ഒന്നായി തയ്ക്കുക. ഇനി നേരേയുള്ള തുന്നലിനായി സ്റ്റിച്ച് പാറ്റേൺ സെലക്ടർ ഏയിലേയ്ക്ക് തിരിക്കുക... സ്റ്റിച്ച് ലെങ്ങ്ത്ത് രണ്ട് ദശാംശം അഞ്ചിൽ സെറ്റ് ചെയ്യുക. നിങ്ങൾ ബാഗിന്റെ മടക്കി പിൻ ചെയ്ത വശത്ത് ബാഗ് സ്ട്രാപ്പോടുകൂടി തയ്ക്കുക... തയ്ക്കുന്നതിനനുസരിച്ച് പിന്നുകൾ നീക്കം ചെയ്യാൻ മറക്കരുത്. സ്ട്രാപ്പുകളുടെ ബലം ഉറപ്പ് വരുത്തുന്നതിനും മനോഹരമാക്കുന്നതിനും നിങ്ങൾ ഈ വീഡിയോയിൽ കാണുന്നതുപോലെ സീമിൽ നിന്ന് തുടങ്ങി മടക്കിലൂടെ തയ്ക്കുക. ബാഗിന്റെ ശരിയായ വശം പുറത്ത് വരത്തക്ക വിധത്തിൽ ബാഗ് തിരിക്കുക... നിങ്ങളുടെ ബാഗ് തയ്യാറായിരിക്കുന്നു... മനോഹരമല്ലേ... അതുപോലെ ലളിതവും.



നിങ്ങൾ വീണ്ടും ബാഗുകൾ നിർമ്മിക്കും... ഒരാൾക്ക് ഇത്രയധികം ഹാൻബാഗുകൾ ഒരിക്കലും ഉണ്ടാവില്ലാ... ബാഗിൽ മെയിഡ് ബൈ മീ ഹാഷ് ടാഗ് കൂടി ഘടിപ്പിച്ച് പ്രദർശിപ്പിക്കുക... സുഹൃത്തുക്കൾ നിങ്ങളുടെ പിന്നാലെ അഭ്യർത്ഥനകളുമായെത്തും... കൂടാതെ ഇവ നല്ല സമ്മാനങ്ങളുമാണ്... ഇത് പ്ലാസ്റ്റിക്ക് ബാഗുകളുടെ ഉപയോഗം തടയുമെന്നത് മറക്കണ്ട... അതുകൊണ്ട് നിങ്ങളുടെ മാതൃകാ ബാഗുകൾ ഇപ്പോൾത്തന്നെ നിർമ്മിക്കൂ...